"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള പകൽവീടുകളുടെ നിരീക്ഷണ സമിതിയിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അംഗത്തെ കൂടി ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.49/2026/LSGD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-

1. കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന്റെ കത്ത്.
2. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
3. ഗ്രാമ വികസന കമ്മീഷണറുടെ 04.03.2021ലെ ഡി.പി5/250/2017/സി.ആർ.ഡി നമ്പർ കത്തും 06.02.2023ലെ DP5 /292/2023/CRD നമ്പർ കത്തും

**ഉത്തരവ്**

പകൽവീടുകൾ പ്രവർത്തന ക്ഷമമാക്കുന്നതിനും, ആവശ്യമെങ്കിൽ പുതിയ പകൽ വീടുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സാമൂഹ്യാധിഷ്ഠിത വയോജന സേവന കേന്ദ്രമായ പകൽവീടുകളുടെ പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി പകൽവീട് പ്രവർത്തിക്കുന്ന ഓരോ ഗ്രാമപഞ്ചായത്തിലും നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നിരീക്ഷണ സമിതിയിൽ പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയ ജനപ്രതിനിധികൾ അംഗങ്ങളാണ്.

2. തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള പകൽവീടുകളുടെ നടത്തിപ്പ് കമ്മിറ്റികളിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തണമെന്ന് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പരാമർശം (1 ) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിലെ വൃദ്ധജനങ്ങൾക്ക് സേവനം ലഭിക്കുന്ന കേന്ദ്രങ്ങൾ എന്ന നിലയിലും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളുടെ നിയന്ത്രണത്തിലായതിനാൽ പകൽവീടുകളുടെ അന്തേവാസികളുടെ ആരോഗ്യസംബന്ധമായ പ്രശ്നങ്ങളിൽ ഇടപെടാനാകുമെന്നതിനാലും, പകൽവീട് സ്ഥിതി ചെയ്യുന്ന ബ്ലോക്ക് ഡിവിഷനെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെ കൂടി പകൽവീട് നിരീക്ഷണ സമിതിയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
7. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
8. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
17. പ്രസിഡന്റ്/ ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ് (DD2/15/2017-LSGD)
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 06-01-2026 17:44:01
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്